# Desabhimani
# 21 August
# Alappuzha; Psychiartst at Chengannur

# ചെങ്ങന്നൂരിൽ മനോരോഗ വിദഗ്ധരെത്തി

**ആലപ്പുഴ**

മരണത്തെ മുഖാമുഖം കണ്ടവരും വെള്ളപ്പൊക്കത്തിൽ എല്ലാം നഷ്ടപ്പെട്ടവരും നേരിട്ടേക്കാവുന്ന മാനസിക ആഘാതം ചെറുക്കാൻ മനോരോഗ വിദഗ്ധരുടെ സംഘം. പ്രളയം താണ്ഡവമാടിയ ചെങ്ങന്നൂർ, തിരുവല്ല മേഖലയിലെ ക്യാമ്പുകളിലാണ് പഠനം എന്ന നിലയിൽ ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെയും പുഷ്പഗിരി മെഡിക്കൽ കോളേജിന്റെയും നേതൃത്വത്തിൽ പരിശോധന നടത്തിയത്.

സംസ്ഥാന ഹെൽത്ത് ഡയറക്ടറേറിൽ സൈക്കാട്രിസ്റ്റിന്റെ ചുമതല വഹിക്കുന്ന ഡോ. കിരണുമായി ബന്ധപ്പെട്ടാണ് ഈ ഉദ്യമം. പ്രളയം, ഭൂമികുലുക്കം തുടങ്ങിയ ദുരന്തങ്ങൾക്കുശേഷം അയയ്ക്കപ്പെടുന്ന മെഡിക്കൽ സംഘത്തിൽ മാനസികാരോഗ്യ വിദഗ്ധർ ഉണ്ടാകണമെന്നത് ലോകാരോഗ്യ സംഘടനയുടെ മാർഗരേഖ നിർദേശിക്കുന്നു.

മരണത്തിൽനിന്നു തലനാരിഴയ്ക്ക് രക്ഷപെട്ടവരും ഉറ്റവരെ നഷ്ടപ്പെട്ടവരും ജീവിതകാലത്തെ സമ്പാദ്യങ്ങളെല്ലാം നശിച്ചവരുമൊക്കെ ഏതാനും ദിവസത്തേക്ക് വികാരങ്ങളോ പ്രതികരണങ്ങളോ ഇല്ലാത്ത ഒന്നും തിരിച്ചറിയാനാകാത്ത അവസ്ഥയിലായിരിക്കും. ചിലരെങ്കിലും പോസ്റ്റ് ട്രോമാറ്റിക്ക് സ്ട്രസ് ഡിസോർഡർ എന്ന അവസ്ഥയിലേക്ക് മാറാം. കാറ്റാസ്ട്രോഫിക് സ്ട്രസ് എന്നും വിളിക്കുന്ന ഈ അവസ്ഥയിലേക്ക് വളരെ സാവധാനമാണ് ആളുകൾ മാറുന്നത്. ഇവരിൽ ചിലർ ആത്മഹത്യയിലേക്ക് നീങ്ങാം. ഇത്തരക്കാർക്ക് മന:ശാസ്ത്രപരമായ പിന്തുണ ആവശ്യമാണെന്ന് ലോക സൈക്കാട്രിക് അസോസിയേഷൻ സെക്രട്ടറി ജനറൽ ഡോ. റോയി ഏബ്രഹാം കള്ളിവയലിൽ പറഞ്ഞു.

ടെൻഷൻ, ഉൽക്കണ്ഠ, ഉറക്കമില്ലായ്മ എന്നിവ അനുഭവപ്പെടുന്നവരെ കണ്ടെത്തി അവർക്ക് കൗൺസലിങ്ങും മരുന്നും നൽകണം. ഇത്തരം പ്രശ്നങ്ങൾ നേരിടുന്നവരെയാണ് തോട്ടഭാഗം സ്ലീബാ ചർച്ചിലെ ക്യാമ്പിൽ പരിശോധിച്ച് കൗൺസലിങ്ങും മരുന്നും നൽകിയത്. ദുരന്തത്തെ അതിജീവിച്ചവരുടെ 'കേസ് സ്റ്റഡി' എന്ന നിലയിലാണ് ഇവിടെ മെഡിക്കൽ സംഘം എത്തി നൂറോളം പേരെ പരിശോധിച്ചത്. സർക്കാരിന്റെ സഹകരണത്തോടെ കേരളത്തിലാകെ സൈക്കാട്രിസ്റ്റുകളുടെ സേവനം ഉറപ്പുവരുത്താൻ കഴിയും. പോസ്റ്റ് ഗ്രാജ്വേറ്റ് ട്രെയിനിങ്ങ് സെന്ററിലും മറ്റും ധാരാളം മാനസികാരോഗ്യ വിദഗ്ധരായ ഡോക്ടർമാരുണ്ട്.

എല്ലാത്തിലും മാതൃകയായ കേരളം ഇക്കാര്യത്തിലും മാതൃക കാണിക്കുക എന്നതാണ് ലക്ഷ്യമെന്ന് ഡോ. കള്ളിവയലിൽ പറഞ്ഞു. ദുരന്തത്തിന്റെ മാനസികാരോഗ്യ അനന്തരഫലങ്ങൾ എന്ന വിഷയത്തിൽ ക്യാമ്പിൽ ഡോ. കള്ളിവയലിൽ പ്രഭാഷണം നടത്തി. ഡോ. സിസ്റ്റർ ലിസ, ഡോ. സൗമ്യ പി തോമസ്, ഡോ. ജിതു വർഗീസ്, ഡോ. ഡെറിക്ക് ജോൺസൺ, ഡോ. ബെറ്റിന മാത്യൂ, ഡോ. ജി ഐ ലക്ഷ്മി തുടങ്ങിയവർ പങ്കെടുത്തു.



തോട്ടഭാഗം മാർ സ്ലീബാ ചർച്ചിലെ ക്യാമ്പിൽ ലോക സൈക്കാട്രിക് അസോസിയേഷൻ സെക്രട്ടറി ജനറൽ ഡോ. റോയി ഏബ്രഹാം കള്ളിവയലിലിന്റെ നേതൃത്വത്തിൽ ആളുകളെ പരിശോധിക്കുന്നു